ഉത്തരം

(എ) 1-4-2005 മുതൽ എല്ലാ സംസ്ഥാനങ്ങളിലും വാറ്റ് നടപ്പിലാക്കുവാനാണ് ഇതു സംബന്ധിച്ച കേന്ദ്ര സർക്കാർ രൂപീകരിച്ച ഉന്നതാധികാര സമിതിയുടെ നിർദ്ദേശം.

(ബി) ആദ്യവർഷങ്ങളിൽ സംസ്ഥാനത്തുനിന്ന് നികുതി വരുമാനത്തിൽ നഷ്ടമുണ്ടാകുമെങ്കിലും കൂടുതൽ വ്യാപാരികൾ ഈ ശൃംഖലയിലേക്ക് വരുന്നതുമൂലം നികുതി വരുമാനം കൂടുമെന്നാണ് പ്രതീക്ഷ.

(സി) പ്രധാന മാറ്റം നികുതിയിന്മേൽ നികുതി ചുമത്തപ്പെടുന്ന അവസ്ഥ മാറുന്നു എന്നതാണ്. കൂടാതെ പുതിയ സമ്പ്രദായത്തിൽ ഒരിക്കൽ ചുമത്തിയ നികുതിക്ക് തുടർന്നുള്ള വില്പനയിൽ ഇളവു കിട്ടുന്നു. ഉൽപ്പാദകർക്കും അവർ വാങ്ങിയ അസംസ്കൃത വസ്തുക്കൾക്ക് നൽകിയ നികുതിക്ക് ഇളവ് ലഭിക്കുമെന്നതും മറ്റൊരു പ്രത്യേകതയാണ്. ഇതുമൂലം നികുതി സമ്പ്രദായത്തിൽ കൂടുതൽ സുതാര്യത കൈവരുകയും അത് ഉപഭോക്താവിന് ഗുണകരമായി തീരുകയും ചെയ്യും.

ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നികുതി ഒഴിവാക്കിക്കിട്ടാൻ നടപടി

23 (3232) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1958-ലെ ട്രേഡ് ആന്റ് മർക്കന്റ്സ് മാർക്സ് ആക്ട് പ്രകാരം ട്രേഡ്മാർക്ക്/ ബ്രാൻഡ് നെയിം ഉള്ളവർ എന്ന് വിവക്ഷ ചെയ്തിരുന്നത് ആരെയൊക്കെയാണ് എന്ന് പറയാമോ :

(ബി) ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്യാത്തതും നിയമപ്രകാരമായി ബ്രാൻഡ് നെയിം അവകാശപ്പെടാൻ ഇല്ലാത്തതുമായ ഒരു യൂണിറ്റിനെ ബ്രാൻഡ് നെയിം ഉള്ള യൂണിറ്റായി കണക്കാക്കാമോ ;

(സി) ഇളവുകൾ ലഭ്യമായ ചെറുകിട വ്യവസായ യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന വസ്തുക്കൾ വാങ്ങി വില്പനക്കാരന്റെ ബ്രാൻഡ് നെയിം ഉപയോഗിച്ച് വില്ക്കുന്ന യൂണിറ്റുകൾ നൽകേണ്ട വില്പന നികുതിയെ സംബന്ധിച്ച് കെ.ജി.എസ്.ടി. ആക്ടിന്റെ സെക്ഷൻ 5 (2)-ലെ വ്യവസ്ഥ എന്താണ് ;

(ഡി) ഇത്തരം യൂണിറ്റുകൾ വാങ്ങി തുടർന്ന് വില്പന നടത്തുന്ന ട്രേഡിംഗ് ഗുഡ്സ് സംബന്ധിച്ച കെ.ജി.എസ്.ടി.ആക്ടിൽ 1998-ന് മുൻപ് നിലവിലുണ്ടായിരുന്ന വ്യവസ്ഥ എന്താണ് ;

(ഇ) 2004-ൽ സർക്കാർ വിശദീകരണം വരുംവരെ ബ്രാൻഡ് നെയിം ഉള്ളവർ എന്ന വിഭാഗത്തിൽ ആരൊക്കെ ഉൾപ്പെടും എന്ന കാര്യത്തിൽ വ്യവസായ യൂണിറ്റുകൾക്കും നിയമജ്ഞർക്കും ആശയക്കുഴപ്പം ഉണ്ടായിരുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ :

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സ്വന്തം ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരായ യൂണിറ്റുകൾ ഇളവ് ഉള്ള യൂണിറ്റുകളിൽ നിന്നും വാങ്ങിയ ട്രേഡിംഗ് ഗുഡ്സിന് 2002 മേയ് വരെ സെക്ഷൻ 5(2) പ്രകാരം വില്പന നികുതി ഈടാക്കാതിരുന്നു എന്നതും 2002 ജൂണിൽ സെക്ഷൻ 45 (എ) പ്രകാരം നോട്ടീസ് നൽകി എന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) 1998-2002 കാലയളവിൽ ഇത്തരം യൂണിറ്റുകൾ പ്രതിമാസ റിട്ടേണുകൾ സമർപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ; സെക്ഷൻ 45 (എ) പ്രകാരം 2002-ൽ നോട്ടീസ് നൽകുന്നതിനു മുൻപുള്ള 4 വർഷക്കാലത്ത് ഏതെങ്കിലും നികുതിദായകർക്ക് അവർ നൽകുന്ന വില്പന നികുതിയിലെ അപാകത ചൂണ്ടിക്കാണിക്കുകയോ നിയമവശം വ്യക്തമാക്കി നൽകുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(എച്ച്) നിയമം വിശകലനം ചെയ്യുന്നതിലെ ആശയക്കുഴപ്പംമൂലം സെക്ഷൻ 5(2) പ്രകാരമുള്ള വില്പന നികുതി പിരിക്കാതിരുന്ന യൂണിറ്റുകളെ പിരിക്കാത്ത നികുതി സ്വയം അടയ്ക്കണമെന്ന് നിർബന്ധിച്ച് ശിക്ഷിക്കുന്നത് നീതിയുക്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഐ) ഇത്തരം യൂണിറ്റുകളെ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 1958-ലെ ട്രേഡ് ആന്റ് മർക്കന്റ്സ് മാർക്ക്സ് ആക്ട് പ്രകാരം അവരവരുടെ ട്രേഡ് മാർക്ക് അഥവാ ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്തിട്ടുള്ള വരെയാണ് വിവക്ഷിക്കുന്നത്.

(ബി) ബ്രാൻഡ് നെയിം പ്രകാരമോ ട്രേഡ് മാർക്ക് പ്രകാരമോ, വിൽക്കുന്ന സാധനങ്ങളുടെ മേൽ വില്പന നികുതി നിയമം വകുപ്പ് 5(2) പ്രകാരം ചുമത്തിയിട്ടുള്ള നികുതി ബാധ്യതയുടെ സാധുതയെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ അനേകം കേസുകൾ വ്യാപാരികൾ നൽകുകയുണ്ടായി. പ്രസ്തുത കേസുകളിൽ വകുപ്പ് 5(2)-ന്റെ സാധുത ശരിവച്ചുകൊണ്ട്, രജിസ്റ്റർ ചെയ്യാത്ത ബ്രാൻഡ് നെയിം ഉപയോഗിച്ചുവിൽക്കുന്ന സാധനങ്ങളും നികുതി വിധേയമാണെന്ന് കോടതി വിധി പ്രസ്താവിച്ചു. പ്രസ്തുത വിധികളുടെ വെളിച്ചത്തിൽ രജിസ്റ്റർ ചെയ്യാത്തതും, നിയമപരമായി അവകാശം ഉന്നയിക്കാത്തതുമായിട്ടുള്ള ബ്രാൻഡ് നെയിം ഉപയോഗിച്ച് നടത്തുന്ന വില്പനയും നികുതി വിധേയമാണ്.

(സി) വില്പന നികുതി നിയമത്തിലെ 5(2) പ്രകാരം, തേയില ഒഴികെയുള്ള ഉൽപ്പന്നങ്ങൾ ഒരു ബ്രാന്റ് നെയിമിലോ ട്രേഡ് മാർക്കിലോ ആയത് കൈവശമുള്ള ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് വിൽക്കുകയാണെങ്കിൽ അത്തരം വില്പനയെ സംസ്ഥാനത്തെ ആദ്യവില്പനയായി കണക്കാക്കുകയും ആയത് നികുതി വിധേയമായിരിക്കുകയും ചെയ്യും. വകുപ്പ് 5(2)-ൽ വിൽക്കാനുദ്ദേശിക്കുന്ന സാമഗ്രികൾ എവിടെനിന്നും വാങ്ങുന്നു എന്ന കാര്യം പ്രതിപാദിക്കുന്നില്ല. ആയതുകൊണ്ട് തന്നെ ഇളവുകൾ ലഭ്യമായ ചെറുകിട വ്യവസായ യൂണിറ്റുകളിൽ നിന്നും വാങ്ങിയെന്ന കാരണം കൊണ്ട് അവ നികുതി ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നികുതി ഇളവുകൾ ഉള്ള ചെറുകിട യൂണിറ്റുകളിൽ നിന്നും വാങ്ങി പുനർവില്പന നടത്തുന്ന ഉൽപ്പന്നങ്ങൾക്ക് 1998-ന് മുമ്പ് നികുതി ബാധ്യത ഉണ്ടായിരുന്നില്ല.

(ഇ) 1988-ലെ ധനകാര്യ നിയമം മുഖേന വകുപ്പ് 5(2) നിലവിൽ വന്ന തീയതി മുതൽ ബ്രാൻഡ് നെയിം അഥവാ ട്രേഡ് മാർക്ക് ഉപയോഗിച്ച് വിൽക്കുന്ന സാധനങ്ങൾ നികുതി വിധേയമായിരുന്നു. ഇക്കാര്യത്തിൽ യാതൊരുവിധ ആശയക്കുഴപ്പവും ഉണ്ടായിരുന്നില്ല. എന്നാൽ പ്രസ്തുത വകുപ്പിന്റെ സാധുതയെ ചോദ്യം ചെയ്തുകൊണ്ട് നിരവധി റിട്ടുകൾ ഹൈക്കോടതി മുൻപാകെ സമർപ്പിക്കപ്പെടുകയുണ്ടായി. പ്രസ്തുത കേസുകളിൽ വകുപ്പ് 5(2)-ന്റെ നിയമ സാധുതയെ കോടതി ശരിവയ്ക്കുകയും ബ്രാൻഡ് നെയിം/ട്രേഡ് മാർക്ക് ഉപയോഗിച്ച് വിൽക്കുന്ന സാധനങ്ങൾ നിയമപരമായി രജിസ്ട്രേഷൻ ഇല്ലെങ്കിൽ കൂടി നികുതി വിധേയമാണ് എന്ന് വിധിക്കുകയും ചെയ്തതിന്റെ അടിസ്ഥാന ത്തിലാണ് കൂടുതൽ വ്യക്തത വരുന്നതിന് ബ്രാന്റ് നെയിമിന് ഒരു നിർവചനം വകുപ്പ് 2(6 എഎ) പ്രകാരം ധനകാര്യം നിയമം 2004 മുഖേന ഉൾപ്പെടുത്തിയത്. ആയതിനാൽ വകുപ്പ് 5(2)-ൽ ആശയക്കുഴപ്പം ഉണ്ടായിരുന്നു എന്ന വാദം ശരിയല്ല.

(എഫ്) ബ്രാൻഡ് നെയിം അഥവാ ട്രേഡ് മാർക്ക് മുഖേന വിൽക്കുന്ന ഉൽപ്പന്നങ്ങൾക്ക് 1998 മുതൽ നികുതി ചുമത്തിയിരുന്നെങ്കിലും ഇതുസംബന്ധിച്ച് ഹൈക്കോടതിയുടെ സ്റ്റേ നിലനിന്നതിനാൽ 2002 വരെ വകുപ്പ് 5(2) പ്രകാരമുള്ള നികുതി ഈടാക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ 2002-ൽ ഹൈക്കോടതി, വകുപ്പ് 5(2)-ന്റെ നിയമസാധുതയെ ശരിവയ്ക്കുകയും ബ്രാൻഡ് നെയിം അഥവാ ട്രേഡ് മാർക്ക് ഉപയോഗിച്ച് വിൽക്കുന്ന സാധനങ്ങൾ നികുതി വിധേയമാണെന്നും ആയതിന് രജിസ്ട്രേഡ് ട്രേഡ്മാർക്ക് ആവശ്യമില്ലെന്നും വിധിക്കുകയുണ്ടായി. അക്കാരണം കൊണ്ടുതന്നെ 1998 മുതൽ നടത്തിയ വില്പനയ്ക്ക് നികുതി നൽകേണ്ടതായുണ്ട്. പ്രസ്തുത കാലയളവിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള റിട്ടേണുകളിൽ ബ്രാൻഡ് നെയിം വിൽപ്പനയെ സംബന്ധിച്ച യഥാർത്ഥ വിറ്റുവരവ് വെളിപ്പെടുത്താതിരുന്നിട്ടുണ്ടെങ്കിൽ അത്തരം കേസുകൾ വില്പന നികുതി നിയമത്തിന്റെ ലംഘനമായി കണക്കാക്കി വകുപ്പ് 45 (എ) പ്രകാരം ശിക്ഷണ നടപടികൾക്കും വിധേയമാക്കിയിട്ടുണ്ട്.

(ജി) വകുപ്പ് 5(2) പ്രകാരം നികുതി ഈടാക്കുന്നതിനെതിരെ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് 1998 മുതൽ 2002 വരെയുള്ള കാലയളവിൽ നിലവിലുണ്ടായിരുന്നതിനാൽ മാസാമാസം സമർപ്പിക്കുന്ന റിട്ടേണുകളിൽ അവരുടെ വിറ്റുവരവ് കൃത്യമായി പ്രതിപാദിക്കുകയും, ആയതിന്മേൽ നികുതി നൽകാതിരിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. വകുപ്പ് 5(2) സംബന്ധിച്ച് കേസ് ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ നികുതി സർക്കാരിലേക്ക് അടയ്ക്കുന്നതിലെ അപാകത ചൂണ്ടിക്കാണിക്കുവാനോ നിയമ നടപടികൾ സ്വീകരിക്കുവാനോ കഴിയുമായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) വില്പന നികുതി നിയമത്തിലെ വകുപ്പ് 5(2) പ്രകാരം നികുതി ഈടാക്കുന്നതിനെക്കുറിച്ച് യാതൊരുവിധ ആശയക്കുഴപ്പവും നിലനിന്നിരുന്നില്ല. മറിച്ച് ആ വകുപ്പിന്റെ നിയമസാധുതയെ കോടതിയിൽ വ്യാപാരികൾ ചോദ്യം ചെയ്യുകയാണുണ്ടായത്. വില്പന നികുതി പിരിക്കേണ്ടിയിരുന്ന വ്യാപാരികളും യൂണിറ്റുകളും ആയത് ചെയ്യാത്തതുമൂലമുള്ള വീഴ്ചയ്ക്ക് സർക്കാർ ഉത്തരവാദിയല്ല.

(ഐ) വില്പന നികുതി നിയമപ്രകാരം ഇത്തരം യൂണിറ്റുകൾ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. യഥാസമയം നികുതി പിരിച്ചെടുത്തിട്ടില്ല. എന്ന കാരണം കൊണ്ട് മാത്രം നികുതി ഒഴിവ് നൽകുവാൻ വില്പന നികുതി നിയമത്തിൽ വ്യവസ്ഥയില്ല.

ട്രഷറി നിയന്ത്രണം

24 (3233) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ട്രഷറി നിയന്ത്രണം നിലനിൽക്കുന്നുണ്ടോ ; ഏതൊക്കെ മേഖലകളെ ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കാർഷിക മേഖലയ്ക്കും വിവിധ പാടശേഖര സമിതികൾക്കും സഹകരണ സംഘങ്ങൾക്കുള്ള ട്രഷറി ചെക്കുകൾ ട്രഷറിയിൽ നിന്നും മാറ്റി കൊടുക്കാതിരിക്കാൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) തൃശ്ശൂർ ജില്ലയിലെ ആലപ്പാട്-പുള്ള സർവ്വീസ് സഹകരണ സംഘത്തിന് നൽകിയിട്ടുള്ള ചെക്കുകൾ ട്രഷറിയിൽ മാറ്റിക്കൊടുക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) 31-7-2001, 7-5-2002 എന്നീ തീയതികളിൽ തൃശൂർ കോൾ ഡവലപ്മെന്റ് ഏജൻസിയിൽ നിന്നും നൽകിയ പ്രസ്തുത ട്രഷറി ചെക്കുകൾ കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ നൽകാനുള്ളതാണ് എന്ന വസ്തുത കണക്കിലെടുത്ത് മാറിക്കൊടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിന് 1987 മുതൽ ഏർപ്പെടുത്തിയ ചില ക്രമീകരണങ്ങൾ മാത്രമാണ് ഇപ്പോഴും തുടരുന്നത്.

(ബി) 'എ'-യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(സി&ഡി) ട്രഷറിയിൽ ട്രഷറി പബ്ലിക് അക്കൗണ്ട്, സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, പേഴ്സണൽ ഡെപ്പോസിറ്റ് അക്കൗണ്ട് എന്നിങ്ങനെ പല വിധത്തിലുള്ള അക്കൗണ്ടുകളുടെ ചെക്കുകൾ കൈകാര്യം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly